"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീ. രാജേഷ്. സി.കെ-യും മറ്റ് മൂന്ന് പേരും ഫയൽ ചെയ്ത ഒ.എ.നം.899/2019 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.08.2019-ലെ ഉത്തരവ് നടപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.318/2020/ത.സ്വ.ഭ.വ — തിരുവനന്തപുരം, തീയതി, 06.02.2020

---

പരാമർശം:
1) സ.ഉ(പി) നം.3/2013/പ.ഡി. തീയതി 25.01.2013.
2) 14.09.2018-ൽ കണ്ണൂർ ജില്ലാ ലിഫ്റ്റ് ഓപ്പറേറ്റേഴ്സ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന് വേണ്ടി ശ്രീ.അഖിൽ.കെ.പി, കെ.പി.ഹൗസ്, നിടിയേങ്ങ-പി.ഒ, കണ്ണൂർ സമർപ്പിച്ച നിവേദനം.(ഒ.എ. നം. 899/2019 കേസിലെ എ-11)
3) 06.01.2019-ലെ കണ്ണൂർ ജില്ലാ കളക്ടറുടെ ഡിസികെഎൻആർ/80/2019-എ4 നമ്പർ കത്ത്.
4) ശ്രീ. രാജേഷ്. സി.കെ ഫയൽ ചെയ്ത ഒ.എ. നം. 899/2019 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.08.2019-ലെ ഉത്തരവ്
5) 18.10.2019-ലെ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ ഇ8-2210/2015/സിഇ/തസ്വഭവ നമ്പർ കത്ത്.
6) 29.10.2019-ലെ മുഖ്യ നഗരാസൂത്രകന്റെ ടിസിപിസിടിപി/2473/19-എ4 നമ്പർ കത്ത്.
7) 21.01.2020-ലെ ഗ്രാമ വികസന കമ്മീഷണറുടെ 14553/എസി&എഡി.6/2019/സിആർഡി നമ്പർ കത്ത്.
8) 23.01.2020-ലെ കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ എ4-290/2020 നമ്പർ കത്ത്.
9) 28.01.2020-ലെ നഗരകാര്യ ഡയറക്ടറുടെ എൽ-1615/2020 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിൽ വിവധ ഓഫീസുകളിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. രാജേഷ്. സി.കെ-യും മറ്റ് മൂന്ന് പേരും ബഹു കേരള അഡ്. ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ നം.899/2019 കേസിന്റെ 14.08.2019-ലെ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം അപേക്ഷകർ 21.12.2018-ൽ കണ്ണൂർ ജില്ലാ കളക്ടർക്ക് നല്കിയ നിവേദനം, കേരളാ ലിഫ്റ്റ്സ് ആന്റ് എസ്കലേറ്റേഴ്സ് റൂൾസ് 2012-ന്റെ അടിസ്ഥാനത്തിൽ 6-മുതൽ 10-വരെയുള്ള എതിർകക്ഷികൾ പരിശോധിച്ച്, മൂന്ന് മാസത്തിനകം ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ നിർദ്ദേശിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തീർപ്പാക്കിയിരുന്നു.

2. 14.09.2018 തീയതിയിലെ നിവേദനമാണ് പരാമർശം (3) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ ലഭ്യമാക്കിയത്. 21.12.2018 ലെ നിവേദനത്തിലെ ആവശ്യങ്ങളും (ഒ.എ. നം. 899/2019 കേസിലെ എ-11) 14.09.2018 തീയതിയിലെ ആവശ്യങ്ങളും ഒന്നു തന്നെയാണ്. ശ്രീ.അഖിൽ.കെ.പി. സമർപ്പിച്ച 21.12.2018 തീയതിയിലെ നിവേദനത്തിൽ കണ്ണൂർ സിവിൽ സ്റ്റേഷൻ, ജില്ലാ ആശുപത്രി, കണ്ണൂർ ജില്ലാ

ഹോമിയോ ആശുപത്രി, കണ്ണൂർ ജില്ലാ ആയുർവ്വേദ ആശുപത്രി, ജില്ലാ പഞ്ചായത്ത് ഓഫീസ്, തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷൻ, പയ്യന്നൂർ ഗവ. ആശുപത്രി, അമ്മയും കുഞ്ഞും പരിപാലന കേന്ദ്രം മാങ്ങാട്ടു പറമ്പ്, അഗതി മന്ദിരം, പയ്യന്നൂർ സിവിൽ സ്റ്റേഷൻ, തലശ്ശേരി സിവിൽ സ്റ്റേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്.

3. കണ്ണൂർ ജില്ലയിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയുടെ ആവശ്യമില്ലായെന്ന് പരാമർശം (5) പ്രകാരം ചീഫ് എഞ്ചിനീയറും, പരാമർശം (6) പ്രകാരം മുഖ്യ നഗരാസൂത്രകനും, നിവേദനത്തിൽ സൂചിപ്പിച്ചിട്ടുള്ള ഓഫീസുകൾ ഗ്രാമ വികസന വകുപ്പിന്റെ കീഴിൽ വരുന്നവയല്ലായെന്ന് പരാമർശം (7) പ്രകാരം ഗ്രാമ വികസന കമ്മീഷണറും, കണ്ണൂർ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ആശുപത്രികളിൽ ലിഫ്റ്റുകൾ നിലവിലുണ്ടെങ്കിലും, ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കേണ്ടത് ആരോഗ്യ വകുപ്പാണെന്ന് പരാമർശം (8) പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും, കണ്ണൂർ ജില്ലയിൽ നഗരകാര്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയില്ലായെന്ന് പരാമർശം (9) പ്രകാരം നഗരകാര്യ ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കേണ്ട ആവശ്യകതയുള്ളതായി വകുപ്പധ്യക്ഷന്മാർ അറിയിച്ചിട്ടില്ലാത്തതിനാലും ഇക്കാര്യം സർക്കാരിന് ബോധ്യപ്പെട്ടതിനാലും കണ്ണൂർ ജില്ലയിൽ വിവിധ ഓഫീസുകളിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കണമെന്ന പരാമർശം (2) നിവേദനത്തിലെ ആവശ്യം പരിഗണനാർഹമല്ല.

5. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 14.09.2018-ലെ നിവേദനത്തിലെ ശ്രീ.അഖിൽ.കെ.പി-യുടെ ആവശ്യം നിരസിക്കുന്നു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നം. 899/2019 കേസിലെ 14.08.2019-ലെ ഉത്തരവ് 9-ാം നമ്പർ എതിർകക്ഷിക്കുവേണ്ടി ഇപ്രകാരം നടപ്പിലാക്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ആർ.എസ്.കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

ശ്രീ.രാഖേഷ്.സി.കെ., കോക്കൻപച്ച ഹൗസ്, അഴീക്കോട്, കണ്ണൂർ-670 009.
ശ്രീ.സജീവൻ മണ്ടോടി, പൂവാലി ഹൗസ്, പാലയാട്-പി.ഒ, തലശ്ശേരി, കണ്ണൂർ-670 556.
ശ്രീ.സിബിൻ.എം.കെ, സ്നേഹതീരം, പന്തക്കപ്പാറ, എരുവട്ടി, കണ്ണൂർ-670 642.
ശ്രീ.അഖിൽ.കെ.പി, കെ.പി.ഹൗസ്, നിടിയേങ്ങ-പി.ഒ, കണ്ണൂർ-670 631.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ